AUGUST 17 2013

THE KCS NEWS

www.kcschicago.com www.facebook.com/ChicagoKCS

KNANAYA CATHOLIC SOCIETY OF CHICAGO

VOL 2 ISSUE 7

Patron: **Arch Bishop Rt. Rev. Dr. Mathew Moolakatt**
Spiritual Director : **Rev. Fr. Abraham Mutholath**
President: **George Thottapuram**
Secretary: **Juby Vennalasseril**
News Editor : **Roy Chelamalayil**

ബിജു തുരുത്തിയിലിന് കെ.സി.എസ്സിന്റെ അശ്രുപൂജ

കെ.സി.എസ്സ് എന്ന വലിയ കുടുംബത്തിൽ സുസ്മേര വദനായി ഒരു ചിത്രശലഭത്തെപ്പോലെ പറന്നു നടന്ന് സ്നേഹത്തിന്റെ പരിമളം വീശിയ നമ്മുടെ പ്രിയങ്കര നായ ബിജു നമ്മളിൽ നിന്ന് വേർപിരിഞ്ഞ്, നമ്മുക്ക് മുൻപേ യേശു സന്നിധിയിലേക്ക് യാത്രയായിരിക്കുന്നു. ബിജുവിന്റെ സാന്നിദ്ധ്യം നമ്മുക്കേവർക്കും പ്രചോദന മായിരുന്നു. നല്ല ഒരു മകൻ, ഭർത്താവ്, പിതാവ്, സുഹൃ ത്ത്, ജനകീയനായ ഒരു നേതാവ് എന്ന നിലയിൽ ചിക്കാഗോ ക്നാനായ സമുദായത്തിലും നോർത്ത് അമേ രിക്കൻ ക്നാനായ സമുദായത്തിലും നിറഞ്ഞുനിന്ന ബിജുവിന്റെ വേർപാട് ഒരു ഞെട്ടലോടെയാണ് നമ്മൾ ശ്രവിച്ചത്. ബിജു നമുക്കു നല്കിയിട്ടു പോയ സമുദായ സ്നേഹവും, വിശ്വാസവും, ആരുടെയും മുൻപിൽ മുട്ടു മടങ്ങാത്ത നേതൃത്വപാടവും നമുക്ക് മാതൃകയാകട്ടെ. ബിജുവിന്റെ വേർപാട് ബിജുവിനെ സ്നേഹിക്കുന്ന വർക്കെല്ലാം മനസ്സിന്റെ അടിത്തട്ടിൽ ഒരു തീരാ ദുഃഖമായി അവശേഷിക്കുന്നു. ബിജു തുരുത്തിയിലിന് കെ.സി.എസ്സിന്റെ പ്രണാമം.

കെ.സി.എസ്. ഒളിമ്പിക്സ് ഓഗസ്റ്റ് 24 ശനിയാഴ്ച

കെ.സി.എസിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന "ക്നാനായ കായിക മാമാങ്കം" ഓഗസ്റ്റ് 24-ാം തീയതി ശനിയാഴ്ച രാവിലെ 9 മണിമുതൽ മോർട്ടൻ ഗ്രോവിലുള്ള സെന്റ് പോൾ വുഡ്സിൽ വെച്ച് നടത്തുന്നതാണ്. എല്ലാവർഷത്തേതുപോലെ വിവിധ ഫൊറോനാ അടിസ്ഥാനത്തിലാണ് മത്സരങ്ങൾ നടത്തപ്പെടുന്നത്. വിവിധ ഫൊറോന കോർഡിനേറ്റേഴ്സിന്റെ വിവരം താഴെ കൊടുക്കുന്നു.

1. ഉഴവൂർ/ മലങ്കര- മനോജ് അമ്മായിക്കുന്നേൽ (കോർഡിനേറ്റർ) 8478778618, സൈമൺ ചക്കാലപ്പടവിൽ (കോർഡിനേറ്റർ) 8473220641

2. ഇടയ്ക്കാട് / കടുത്തുരുത്തി- ജോസ് മണക്കാട്ട് (കോർഡിനേറ്റർ) 8478304128, ഷിജു ചെറിയത്തിൽ (കോർഡിനേറ്റർ) 8473411088

3. കൈപ്പുഴ /ചുങ്കം- പുന്നൂസ് തച്ചേട്ട് (കോർഡിനേറ്റർ) 7732080048, മാത്യു തട്ടാമറ്റത്തിൽ (കോർഡിനേറ്റർ) 7733173444

4. കിടങ്ങൂർ/ രാജപുരം / മടമ്പം- സജി വള്ളാരംകാലായിൽ (കോർഡിനേറ്റർ) 3122064044, ലിജോ മുണ്ടപ്ലാക്കൽ (കോർഡിനേറ്റർ) 6307285842

എല്ലാവരേയും ഈ ക്നാനായ കായിക മാമാങ്കത്തിലേക്ക് പ്രത്യേക മായി ക്ഷണിക്കുന്നു.

കെ.സി.എസ്സ് ഓണാഘോഷം സെപ്റ്റംബർ 13 വെള്ളിയാഴ്ച

കെ.സി.എസ്സിന്റെ ആഭിമുഖ്യത്തിൽ ഓണാഘോഷം നടത്തുന്നു. ഐശ്വര്യത്തിന്റെയും, സമാധാനത്തിന്റെയും പ്രതീകമായി ലോകമെമ്പാടുമുള്ള മലയാളി സമൂഹം ആഹ്ലാദത്തോടെ ആഘോഷിക്കുന്ന ഓണം കെ.സി.എസ്സിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 13-ാം തിയതി വെള്ളിയാഴ്ച വൈകിട്ട് 6.30 ന് കമ്മ്യൂണിറ്റി സെന്ററിൽ നടത്തപ്പെടുന്നു. കേരളത്തിന്റെ പരമ്പരാഗത വസ്ത്രങ്ങളായ മുണ്ടും, ജുബായും, സെറ്റുസാരിയും അണിഞ്ഞ് മാവേലിമന്നനെ വരവേൽക്കാൻ എല്ലാവരേയും കമ്മ്യൂണിറ്റി സെന്ററിലേക്ക് ക്ഷണിക്കുന്നു. കൃത്യം 6.30- തിന് വിഭവസമൃദ്ധമായ ഓണസദ്യയോടെയാണ് ഓണാഘോഷ പരിപാടികൾ ആരംഭിക്കുന്നത്. തുടർന്ന് കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

ക്നാനായ നൈറ്റ് നടത്തുന്നു

കെ.സി.എസ്സിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ക്നാനായ നൈറ്റ് ഒക്ടോബർ 26-ാം തീയതി ശനിയാഴ്ച നടത്തപ്പെടുന്നതാണ്. അന്നേദിവസം ജോലിയുള്ളവർ ഇതിലേക്കായി പ്രത്യേക അവധിയെടുത്ത് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കെ.സി.എസ്സിന്റെ 30-ാം ജന്മദിനം ആഘോഷിക്കുന്നു

കെ.സി.എസ്സിന്റെ 30-ാം ജന്മദിനം വിവിധ പരിപാടികളോടെ ആഘോഷിക്കുന്നതാണ്. ഒക്ടോബർ 26-ാം തിയതി ആയിരിക്കും ജന്മദിനാഘോഷപരിപാടികൾ നടത്തുക എന്നറിയിക്കുന്നു.



ബിജുവിന് കണ്ണീരോടെ വിട

എന്റെ പ്രിയ സുഹൃത്തും സഹപ്രവർത്തകനും, വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സജീവ പ്രവർത്തകനും കെ.സി.സി.എൻ.എ. നാഷണൽ കൗൺസിൽ മെമ്പറും നമ്മളിൽനിന്ന് അകാലത്തിൽ വേർപിരിഞ്ഞുപോയ ബിജു തുരുത്തിയിലിനെക്കുറിച്ച് ഒരനുസ്മരണം.

എവിടെ തുടങ്ങണം, എങ്ങനെ തുടങ്ങണമെന്ന് എനിക്കറിയില്ല. എങ്കിലും എനിക്ക് മനസ്സിലാക്കാൻ സാധിച്ച ചില കാര്യങ്ങൾ പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. തന്റെ ജീവിതത്തിലെ ചെറിയ ചെറിയ നേട്ടങ്ങൾപോലും തന്റെ മിടുക്കല്ല ദൈവാനുഗ്രഹം കൊണ്ടാണ് എന്ന് ഉറച്ച് വിശ്വസിക്കുകയും അത് പറയാൻ മടി കാണിക്കാത്ത വ്യക്തിത്വത്തിന്റെ ഉടമ. മറ്റുള്ളവരെ സഹായിക്കുമ്പോൾ വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയരുത് എന്ന് നിർബന്ധബുദ്ധിയുണ്ടായിരുന്നു. എല്ലാ ദിവസവും മുട്ടിന്മേൽ നിന്ന് കുടുംബ പ്രാർത്ഥന ചെല്ലണമെന്ന് നിശ്ചയദാർഢ്യവുമുണ്ടായിരുന്നു.

തന്റെ സഹോദരൻ മരിക്കുന്നത് നേരിൽ കാണേണ്ടി വന്നതുകൊണ്ടാവാം രോഗികളെ ശുശ്രൂഷിക്കുന്ന കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാതെ 100 ശതമാനം ആത്മാർത്ഥതയോടെ ജോലി ചെയ്യുന്ന വ്യക്തിയായിരുന്നു. മെഡിക്കൽ സ്റ്റാഫ് ബിജുവിനെ വിളിച്ചിരുന്നത് മാസ്റ്റർ ഓഫ് സി.പി.ആർ. (കാർഡിയോ പൾമണറി റെസിസിറ്റേഷൻ) എന്നാണ്. ഗാന്ധിജിയുടെ സത്യാന്വേഷണ കഥകൾ ഒരു ഇൻവെസ്റ്റിഗേഷൻ ആയി കൊണ്ടുനടക്കുന്ന വ്യക്തിയായിരുന്നു ബിജു. ഇത് ചുരുക്കം ചിലത് മാത്രം. ഞാൻ ഇവിടെ നിർത്തട്ടെ. ആ ജീവിതം കുറച്ച് നാളേ ഈ ലോകത്ത് ഉണ്ടായിരുന്നുവെങ്കിലും ആ ജീവിതത്തിന് അർത്ഥമുണ്ടായിരുന്നു. എത്രനാൾ ജീവിച്ചിരുന്നുവെന്നുള്ളതല്ല പ്രധാനം. എത്രനാൾ ജീവിച്ചു എന്നുള്ളതാണ്. ഒരുപക്ഷേ ബിജുവിന്റെ മരണം നമ്മെ ഓർമ്മിപ്പിക്കുന്നതും അല്ലെങ്കിൽ ബിജു നമ്മോട് പറയാൻ ആഗ്രഹിക്കുന്നതും ഇതുതന്നെയാണ്. നാം നമ്മുടെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ നമുക്കും പറയാൻ കഴിയണം തന്റെയും ജീവിതത്തിന് അർത്ഥമുണ്ടായിരുന്നെന്ന്. അതിനുവേണ്ടി പരിശ്രമിക്കുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം. പ്രിയ ബിജുവിന് എന്റെയും വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെയും കണ്ണീരിൽ കുതിർന്ന പ്രണാമം.

ജോമോൻ തെക്കേപ്പുറമ്പിൽ

KCJL KIDS NEWS

Dear all,

KCJL kids had a great time on Sunday August 4th going to YMCA Camp at Ingleside, IL. Our trip started at 8:30am from the KCS Community Center and we reached Camp Duncan around 10:30am. We had lot of activities such as scavenger hunt, climbing towers, canoeing in the lake, animal senses, star lab, archery, group games and camp fire. The kids were pretty much occupied the whole day. They were able to explore the nature and have fun while involved with adventurous activities with their buddies which made it even more exciting. We would like to thank all the parents and kids who supported this event.

Sincerely,

KCJL Coordinators

Prathibha Thachet , Rajesh Kizhakkethil

EXECUTIVE BOARD:
PRESIDENT
GEORGE THOTTAPURAM
847-975-9239
VICE PRESIDENT
JESSMON PURAMADATHIL
224-766-9695
SECRETARY
JUBY VENNALASSERIL
847-293-9261
JOINT SECRETARY
BABU THAIPPARAMBIL
630-935-2644
TREASURER
JUSTIN THENGANATT
847-287-5125
LEGISLATIVE BOARD
Jose Oliyanickal(Chairman)
Jose Thattarettu (V. Chairman)
FINANCE COMMITTEE:
Jaimon Nanthikattu(Chairman)
George Chackalathottiyil
Sunil Koithara
Xavier Madathil
Abraham Ealoor
OUTDOOR COMMITTEE:
Simon Kattapuram (Chairman)
Joby Kuzhiyamparambil
Sijo Kulathilkarottu
Arun Nellamattam
Biju Kannachanparambil
ENTERTAINMENT COMMITTEE:
Zacharia Chelackal(Chairman)
Laly Mukalel
Abin Kulathilkarottu
Thomas Appozhiparambil
NEWSLETTER COMMITTEE:
Roy Chelamalayil (News Editor)
James Mannakulam(Sub Editor)
Santhosh Kalarickaparambil
Sudeep Makkil
MEMBERSHIP COMMITEE:
Tomy Kannala (Chiarman)
Ebi Thekkemalayil
LITURGY COMMITTEE:
Peena Manappallil (Chairwoman)
Jipson Pillaveettil
LAISON BOARD:
Saji Erappuram (Chairman)
Saji Thekkumkattil (V. Chairman)
Binu Kaithakkathottiyil
Tomy Vallipparambil
Lukose Poozhikkunnel
BUILDING BOARD:
Joy Kottoor
Shaji Pulimala
NATIONAL COUNCIL MEMBERS:
Deepu Kandarappallil (Youth Rep)
Serine Madayanakavil (Women's Rep)
Tomy Nediyakala
James Thirunelliparambil
Tony Pullapally
Biju Thuruthiyil
Jojo Analil
AUDITOR:
Jose Vattadikunnel

കണ്ണീർ പ്രണാമം!

പ്രിയ ക്നാനായ സഹോദരീ സഹോദരന്മാരേ,

ചിക്കാഗോ ക്നാനായ സമുദായത്തിന് ഏറ്റവും പ്രിയങ്കരനും കെ.സി.സി. എൻ.എ. നാഷണൽ കൗൺസിൽ അംഗവുമായിരുന്ന നമ്മുടെ പ്രിയ സുഹൃത്ത് ബിജു തുരുത്തിയിലിന് ആദരാജ്ഞലികൾ അർപ്പിച്ചുകൊണ്ടുതുടങ്ങട്ടെ. പ്രിയപ്പെട്ട ബിജുവിന്റെ വേർപാട് നമ്മിൽ ഓരോരുത്തരിലും ഏല്പിച്ച വേദനയുടെ ആഴം പറഞ്ഞറിയിക്കാൻ സാധിക്കില്ല. ബിജുവിന്റെ വേർപാടിൽ ദുഃഖിക്കുന്ന കുടുംബാംഗങ്ങൾക്കും, സുഹൃത്തുക്കൾക്കും ഒപ്പം കെ.സി.എസ്. ചിക്കാഗോയും ദുഃഖത്തിൽ പങ്കു ചേരുന്നു.

വേദനയിലൂടെ കടന്നുപോകുമ്പോഴും കെ.സി.എസിന്റെ സമ്മർ പരിപാടികൾ നടന്നുവരുകയാണ്.

പിക്നിക്, ബാസ്ക്കറ്റ്ബോൾ ടൂർണ്ണമെന്റ്, കെ.സി.വൈ.എൽ കൺവൻഷൻ, കെ.സി.ജെ.എൽ ഔട്ടിംഗ്, കിഡ്സ് ക്ലബ് മീറ്റിംഗ്, ക്യാമ്പിംഗ്, ഫാമിലി കാർണിവൽ ഉൾപ്പെടെ നിരവധി പരിപാടികൾ നടന്നു കഴിഞ്ഞു.

ഒളിമ്പിക്സ്, ഓണാഘോഷം, ക്രൂസ്, കലാമത്സരം ക്നാനായ നൈറ്റ് ഉൾപ്പെടെ നിരവധി പരിപാടികളിലേക്ക് നമ്മൾ കടക്കുകയാണ്.

2014 ക്നാനായ കൺവൻഷന്റെ അണിയറ പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്. കൺവൻഷന്റെ രജിസ്ട്രേഷൻ കിക്കോഫ് ഒക്ടോബർ 26-ാം തീയതി ക്നാനായ നൈറ്റിനോടൊപ്പം നടത്തുന്നതാണ്. അന്നേ ദിവസം കെ.സി.എസ്സിന്റെ 30-ാം വാർഷികാഘോഷവും നടത്തപ്പെടുന്നു. പ്രവർത്തനത്തിൽ എല്ലാ ക്നാനായ സംഘടനകൾക്കും വഴികാട്ടിയായി കെ.സി.എസ്. ചിക്കാഗോ മാറുന്നു എന്നതിൽ നമ്മുക്കഭിമാനിക്കാം.

എന്ന് സ്നേഹപൂർവ്വം

ജോർജ് തോട്ടപ്പുറം
കെ.സി.സി.പ്രസിഡന്റ്

കൺവൻഷൻ രജിസ്ട്രേഷൻ
കിക്കോഫ് ഒക്ടോബർ 26ന്

കെ.സി.സി.എൻ.എ.യുടെ ആഭിമുഖ്യത്തിൽ കെ.സി.എസ്. ആതിഥേയത്വം വഹിച്ചുകൊണ്ട് 2014 ജൂലൈ 3,4,5,6 (വ്യാഴം, വെള്ളി, ശനി, ഞായർ) ദിവസങ്ങളായി ചിക്കാഗോ മക്കോർമിക് സെന്ററിൽ വെച്ചു നടത്തുന്ന 11-ാ -മത് ക്നാനായ കാത്തലിക് കൺവൻഷന്റെ രജിസ്ട്രേഷൻ കിക്കോഫ് ഒക്ടോബർ 26-ാം തീയതി ശനിയാഴ്ച നടത്തപ്പെടുന്നു.

ദേശീയ നേതാക്കൾ ഉൾപ്പെടെ നിരവധിപേർ പങ്കെടുക്കുന്ന സമ്മേളനത്തിന് കെ.സി.എസ്. കുടുംബത്തിലെ എല്ലാവരേയും പ്രത്യേകമായി ക്ഷണിക്കുന്നു.

കെ.സി.എസ്സ്. സീനിയർ സിറ്റിസൺ വിനോദയാത്ര ശ്രദ്ധേയമായി

ചിക്കാഗോ: ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയിലെ സീനിയർ സിറ്റിസൺസിന്റെ ആഭിമുഖ്യത്തിൽ ഏകദിന വിനോദയാത്ര നടത്തി. ജൂൺ 29-ാം തീയതി ശനിയാഴ്ച രാവിലെ 8 മണിക്ക് കെ.സി.എസ്. കമ്മ്യൂണിറ്റി സെന്ററിൽ നിന്ന് പ്രത്യേകമായി ചാർട്ടർ ചെയ്ത ബസ്സിലാണ് വിനോദയാത്ര പുറപ്പെട്ടത്. ഇന്ത്യാനയാന സ്റ്റേറ്റിൽ ഫെയർ ഓക്സിലുള്ള ഡയറി ഫാമിലേക്കാണ് വിനോദയാത്ര നടത്തിയത്. 57 പേരടങ്ങുന്ന വിനോദയാത്ര ടീമങ്ങൾക്ക് ഏറ്റവും വിനോദപ്രദവും വിജ്ഞാനപ്രദവുമായിരുന്നു 86,000 പശുക്കളുള്ള ഫാമിലെ കാഴ്ചകൾ.

ഡയറി ഫാമിലെ കാഴ്ചകൾക്കുശേഷം ഇന്ത്യാനയാന ബീച്ചിലെത്തിയ വിനോദയാത്ര ടീമങ്ങൾക്ക് ഇതെല്ലാം വേറിട്ട കാഴ്ചകളായിരുന്നു. ആടിയും പാടിയും തമാശകൾ പറഞ്ഞും ഗ്രാന്റ് പേരന്റെസിന്റെ ഒരു ദിനം അവിസ്മരണീയമായി. സീനിയർ സിറ്റിസൺ കോർഡിനേറ്റർ ജേക്കബ് പുല്ലാപ്പള്ളി, കോ-കോർഡിനേറ്റർ ജേക്കബ് മണ്ണാർക്കാട്ടിൽ, ഡയറക്ടർ ടോമി കണ്ണാല, കെ.സി.എസ്. പ്രസിഡന്റ് ജോർജ് തോട്ടപ്പുറം എന്നിവർ വിനോദയാത്രയ്ക്ക് നേതൃത്വം നൽകി.

ഒളിംപിക്സിൽ സീനിയർ സിറ്റിസൺസിനു വേണ്ടി പ്രത്യേക മത്സരം നടത്തപ്പെടുന്നു

കെ.സി.എസ്സിന്റെ ആഭിമുഖ്യത്തിൽ നടന്ന ഓഗസ്റ്റ് 24-ാം തിയതി നടത്തുന്ന ഒളിംപിക്സിൽ സീനിയർ സിറ്റിസൺസിനുവേണ്ടി പ്രത്യേക മത്സരങ്ങൾ നടത്തപ്പെടുന്നതാണ്. കസേരകളി, ബാസ്ക്കറ്റ് ബോൾ ത്രോ, എന്നീ മത്സരങ്ങളാണ് നടത്തപ്പെടുന്നത്. മത്സരങ്ങൾക്ക് സീനിയർ സിറ്റിസൺ കോർഡിനേറ്റർ ജേക്കബ് പുല്ലാപ്പള്ളി, കോ കോഡിനേറ്റർ ജേക്കബ് മണ്ണാർകാട്ടിൽ എന്നിവർ നേതൃത്വം നല്കും.

10 minute program

KCJL is planning to do a 10 minute program for Knanaya Night on 10/26/13. This will include a dance by Thomas Ottakkunnel and a skit by the kids. Boys and girls who are interested in doing the dance and the skit who are in the grades 5th through 8th, please contact us. Classes will be starting soon.

Thank you,

KCJL Coordinators

Prathibha Thachet
(224)805-2433
p4p2care@gmail.com

Rajesh Kizhakkethil
(847)345-3552
punnoose8@gmail.com

CHICAGO YUVAJANAVEDHI VOLLEYBAL TOURNAMENT!

Respected Knanaya Members,

Chicago Yuvajanavedhi had a barbeque day on July 20th at Harms wood forest preserve. We had lots of fun through games like Badminton, volleyball, tug of war, flipping the cup, water pong, card games, etc. Kcs President Mr George Thottapuram and former KCS president Mr Cyriac Koovakadan also spend some time with yuvajanavedhi during the picnic. On behalf of yuvajanavedhi executive board, I would like to thank all the youth members who decided to spend a day with your fellow kna youth.

Now it is time for more enjoyment, one of the important upcoming event is the volleybal tournament which we are going to conduct on august 17th, saturday, at Dee park starting 4pm. I invite all the Knanaya yuvajanavedhi to come, participate and enjoy the evening.

Sincerely,
Sibil Thomas Elavumkal
Chicago Yuvajanavedhi Secretary

KCS Women's Forum News

Dear all,
KCS Women's Forum is organizing a 20 minute dance/fashion show for knanaya night on October 26th 2013 choreographed by Shingari's School of Rhythm with the theme of different stages of a Woman. This program will include kids (boys and girls) and adults (men and Women) of all ages and if you or your child would like to participate in the show please e-mail at c2c4ever@aol.com. With all of your cooperation and participation we can make this an amazing show.

Thank you
KCS Chicago Women's Forum Board

തെരഞ്ഞെടുപ്പ് അറിയിപ്പ്

കെ.സി.എസ്സ് ഭരണസമതിയുടെ ഭാഗമായ ലെയ്സൺ ബോർഡ് ചെയർമാൻ, വൈസ് ചെയർമാൻ, മൂന്ന് ലെയിസൺ ബോർഡ് അംഗങ്ങൾ, ലെജിസ്ലേറ്റീവ് ബോർഡിലേക്ക് ഒഴിവ് വരുന്ന എട്ട് എന്നിവർക്കു വേണ്ടിയുള്ള തെരഞ്ഞെടുപ്പ് നടത്തുന്ന വിവരം അറിയിക്കുന്നു. മേൽപറഞ്ഞ സ്ഥാനത്തേക്കുള്ള നാമനിർദ്ദേശ പത്രിക ലെയിസൺ ബോർഡ് ചെയർമാന്റെ മുൻപിൽ സമർപ്പിക്കാനുള്ള അവസാന ദിനം സെപ്റ്റംബർ 30 തിങ്കളാഴ്ചയാണ്. നോമിനേഷൻ പേപ്പറിനോടൊപ്പം ഓരോ സ്ഥാനാർത്ഥികളും നോമിനേഷൻ ഫീസായി 250 ഡോളർ കെ.സി.എസ്സിനു സംഭാവനയായി നൽകേണ്ടതാണ്. സ്ഥാനാർത്ഥികളുടെ നോമിനേഷൻ അംഗീകരിക്കണോ, അതോ തള്ളിക്കളയണോ എന്ന് ലെയിസൺ ബോർഡ് ഒക്ടോബർ 15-ാം തിയതി തീരുമാനിക്കുന്നതായിരിക്കും. സ്ഥാനാർത്ഥികൾക്ക് സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസരം ഒക്ടോബർ 30-ാം തിയതി വരെ ഉണ്ടായിരിക്കും

തെരഞ്ഞെടുപ്പ് ആവശ്യമായി വന്നാൽ നവംബർ 30-ാം തിയതി ശനിയാഴ്ച രാവിലെ 9 മുതൽ വൈകിട്ട് 9-തുവരെ കമ്മ്യൂണിറ്റി സെന്ററിൽ വെച്ചു നടത്തുന്നതായിരിക്കും

എന്ന്
കെ.സി.എസ്സ്
സെക്രട്ടറി

കെ.സി.എസ്. ഫാമിലികാർണിവലും പിക്നിക്കും നടത്തപ്പെട്ടു

ചിക്കാഗോ: ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഫാമിലി കാർണിവലും, പിക്നിക്കും നടത്തപ്പെട്ടു. ജൂലൈ 7-ാം തിയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ നേപ്പർവില്ലിലുള്ള റിവർവാക്ക് ഗ്രാന്റ് പവിലിയനിൽ വെച്ചാണ് കാർണിവലും, പിക്നിക്കും നടത്തിയത്. കെ.സി.എസ്സ്. പ്രവൃത്തനങ്ങളും കൂട്ടായ്മയും പ്രാദേശിക തലങ്ങളിലേക്ക് വ്യാപിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രോഗ്രാം നടത്തിയത്.

കെ.സി.എസ്സ്. ഗ്രാഡുവേഷൻ ദിനവും പേരന്റന്റ് ദിനാഘോഷവും ഉജ്ജ്വലമായി

ചിക്കാഗോ: ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പേരന്റൻസ് ദിനാഘോഷവും വിവിധ തലങ്ങളിൽ നിന്ന് ഗ്രാജുവേറ്റ് ചെയ്തവരെ ആദരിക്കുകയും ചെയ്തു. ജൂൺ 30-ാം തീയതി ഞായറാഴ്ച കെ.സി.എസ്. കമ്മ്യൂണിറ്റി സെന്ററിൽ വെച്ചാണ് ആഘോഷ പരിപാടികൾ നടത്തിയത്. 8-ാം ഗ്രേഡ് , 12-ാം ഗ്രേഡ് , വിവിധ കോളേജിൽ നിന്ന്, വിവിധ പ്രൊഫഷണൽ കോഴ്സ് എന്നിവയിൽ വിജയിച്ചവരെ വേദിയിൽ ആദരിക്കുകയും ഉപഹാരങ്ങൾ നല്കുകയും ചെയ്തു. ആഘോഷ പരിപാടികൾ കെ.സി.എസ്. പ്രസിഡന്റ് ജോർജ് തോട്ടപ്പുറം നിലവിളക്ക് കൊളുത്തി ഉൽഘാടനം ചെയ്തു. ഉൽഘാടന സമ്മേളനത്തിൽ പേരന്റന്റിനെ അനുമോദിച്ചുകൊണ്ട് ലൂക്കസ് ചെറിയത്തിൽ, കെ.സി.വൈ.എൻ.എൻ.എ. പ്രസിഡന്റ് ജയ്ക് നെടിയകാലായിൽ, കെ.സി.വൈ.എൽ. പ്രസിഡന്റ് മാറ്റ് പതിയിൽ എന്നിവർ പ്രസംഗിച്ചു. സെക്രട്ടറി ജൂബി വെന്നലശ്ശേരി സ്വാഗതവും, വൈസ് പ്രസിഡന്റ് ജെസ്മോൻ പുറമഠത്തിൽ കൃതജ്ഞതയും പറഞ്ഞു.

മെമ്പർഷിപ്പ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നു

കെ.സി.എസ്സിൽ പുതിയതായി ചേരുന്ന അംഗങ്ങളേ ഉൾപ്പെടുത്തിക്കൊണ്ടുള്ള കെ.സി.എസ്സ് മെമ്പർഷിപ്പ് ലിസ്റ്റ് ഓഗസ്റ്റ് 30-ാം തിയതി കമ്മ്യൂണിറ്റി സെന്ററിലും, കെ.സി.എസ്സ് വെബ് സൈറ്റിലും പ്രസിദ്ധീകരിക്കുന്നതാണ്. ഈ ലിസ്റ്റായിരിക്കും തെരഞ്ഞെടുപ്പ് ആവശ്യമായി വന്നാൽ ഉപയോഗിക്കുക. മെമ്പർഷിപ്പ് ലിസ്റ്റ് സംബന്ധമായ വിവരങ്ങൾക്ക് ലെയിസ്സൺ ബോർഡ് ചെയർമാൻ സജി ഇറപുറം, വൈസ് ചെയർമാൻ സജി തേക്കുംകാട്ടിൽ, അംഗങ്ങളായ ബിനു കൈതക്കത്തൊട്ടിയിൽ, ടോമി വള്ളിപ്പറമ്പിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, കെ.സി.എസ്സ് സെക്രട്ടറി ജൂബി വെന്നലശ്ശേരി എന്നിവരുമായി ബന്ധപ്പെടേണ്ടതാണ്.

KCS CALENDER

AUGUST 24 Saturday OLYMPICS - St. Paul woods
September 13 Friday - Onam Celebration
September 28 Saturday -Convention Committee Meeting
October 6 Sunday Community visit Mccormick place
October 12 Saturday Youth Festival
October 26 Saturday Knanaya Nite
KCS 30th Anniversary
Celebration/Convention Registration kikoff
Nov 1,2,3 KCS CRUISE
Nov. 23 Saturday Annual General body meeting

KNANAYA YUVAJANOTSAVAM

Conducted by Chicago KCS, 5110, N.Elston Ave, Chicago IL
Saturday October 12, 2013

REGISTRATION FORM

Last Name.....

First Name.....Family Name.....

Address.....

City..... Zin Code.....

Paren'ts Name.....

Tel:..... Date of Birth..... Grade.....

E-mail:.....

Category ☐ Sub Junior (KG-4) ☐ Junior (5-8) ☐ Senior 9-12)

SECTION A നൃത്തവിഭാഗം

- ☐ Folk Dance 5 Min
- ☐ Clasical Dance 10 Min
- ☐ Western Dance 5 Min
- ☐ Cinematic Dance 5 Min
- ☐ Fusion Dance 10 Min

SECTION B നൃത്തേതരവിഭാഗം

- ☐ Elocution (Malayalam) 5 Min
- ☐ Elocution (English) 5 Min
- ☐ Light Music (Malayalam) 5 Min
- ☐ Light Music (Eng) 5 Min
- ☐ Film Song (Mal) 5 Min
- ☐ Instrument Music 5 Min
- ☐ Spelling Bee
- ☐ Pencil Drawing 30 Min
- ☐ Colour Painting 30 Min
- ☐ Purathanapattu 5 Min
- ☐ Fancy Dress 3 Min

SECTION C GROUP ITEMS

- ☐ Classical Dance 10 Min
- ☐ Cinematic Dance 5 Min
- ☐ Western Dance 5 Min
- ☐ Folk Dance 5 Min
- ☐ Fusion Dance 10 Min
- ☐ Margamkali 5Min
- ☐ Purathanapattu 5 Min
- ☐ Group Song (Mal) 5 Min
- ☐ Group Song (Eng) 5 Min
- ☐ Fancy Dress 3 Min

Participants of Group Item (Enter School Grade in Brackets)

Team Leader..... 2.....

3..... 4.....

5..... 6.....

7..... 8.....

9..... 10.....

SMILING COMPETTION (PRE SCHOOL AND UNDER)

Registration Fee $10.00 Per Head Per Item ($5.00 for smiling competition)

Submit/Mail forms along with checks payable to Chicago KCS

Zacharia Chelackal, 1393 LILAC LN,
Addision, IL 60101, Phone:630-605-1172
E-mail:chelackal@yahoo.com

ക്നാനായ യുവജനോത്സവം- 2013
നിർദ്ദേശങ്ങളും നിബന്ധനകളും

1. യുവജനോത്സവം - 2013 ന്റെ അംഗീകൃത രജിസ്ട്രേഷൻ ഫോറത്തിൽ 2013 ഒക്ടോബർ 4 നകം ലഭിക്കുന്ന അപേക്ഷകൾ മാത്രമേ മത്സരത്തിൾ ഉൾപ്പെടുത്തുകയുള്ളൂ. ഇത് മത്സരങ്ങളുടെ വിജയകരമായ നടത്തിപ്പിന് അനിവാര്യമാകയാൽ മുൻകൂട്ടി രജിസ്റ്റർ ചെയ്തുകൊണ്ട് എല്ലാവരും സഹകരിക്കുക.
2. അപേക്ഷാ ഫീസ് രജിസ്ട്രേഷൻ ഫോറത്തോടൊപ്പം ചിക്കാഗോ കെ.സി.എസിന്റെ പേരിലുള്ള ചെക്കായി സമർപ്പിക്കേണ്ടതാണ്.
3. അപേക്ഷാഫീസ് ഓരോ ഇനങ്ങൾക്കും 10 ഡോളർ വീതമായിരിക്കും. ഗ്രൂപ്പ് ഇനങ്ങൾക്ക് ഓരോ ടീം അംഗവും 10 ഡോളർ വീതം നൽകേണ്ടതാണ്.
4. പുഞ്ചിരി മത്സരത്തിന് 5 ഡോളർ മാത്രമായിരിക്കും ഫീസ്.
5. ഒരാൾക്ക് പരമാവധി 5 സിംഗിൾ ഇനങ്ങളിൽ പങ്കെടുക്കാവുന്നതാണ്. ഗ്രൂപ്പ് ഇനങ്ങൾക്ക് ഈ നിയന്ത്രണം ബാധകമല്ല.
6. പങ്കെടുക്കുന്ന കുട്ടികളുടെ സ്കൂൾ ഗ്രേഡ് അടിസ്ഥാനത്തിലായിരിക്കും മത്സരങ്ങൾ നടത്തുക. സബ് ജൂനിയർ (കെ.ജി. 4), ജൂണിയർ (5-8), സീനിയർ (9-12) എന്നീ 3 വിഭാഗങ്ങളിലായിരിക്കും മത്സരങ്ങൾ നടക്കുക.
7. സെക്ഷൻ എ -നൃത്തം, സെക്ഷൻ ബി - നൃത്തേതരം, സെക്ഷൻ സി ഗ്രൂപ്പ് എന്നിങ്ങനെ 3 വിഭാഗങ്ങളിൽ മത്സരങ്ങൾ നടത്തപ്പെടുന്നു. കലാതിലകം, കലാപ്രതിഭ എന്നീ സ്ഥാനങ്ങളിലേക്ക് പരിഗണിക്കപ്പെടുന്നവർ സെക്ഷൻ എയിലും സെക്ഷൻ ബിയിലും സമ്മാനങ്ങൾ കരസ്ഥമാക്കിയിരിക്കണം. ഒന്നിൽ കൂടുതൽ പേർക്ക് ഒരേ സ്ഥാനത്തേക്ക് തുല്യമാർക്ക് വന്നാൽ അവരുടെ സെക്ഷൻ സി യിലെ സമ്മനനിലയും പോയിന്റും പരിഗണിക്കുന്നതാണ്. സെക്ഷൻ എ യിലും സെക്ഷൻ ബി യിലും സമ്മാനങ്ങൾ ലഭിക്കാത്തവർ ഉണ്ടാകുന്ന സാഹചര്യത്തിൽ സിംഗിൾ ഇനങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് കരസ്ഥമാക്കുന്നവരെ മേൽപ്പറഞ്ഞ സ്ഥാനങ്ങളിലേക്ക് പരിഗണിക്കുന്നതാണ്.
8. ഏതെങ്കിലും മത്സര ഇനത്തിൽ മൂന്നിൽ കുറവ് മത്സരാർത്ഥികളാണുള്ളതെങ്കിൽ, അവർ മത്സരത്തിൽ പങ്കെടുക്കേണ്ടതും അവരുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ അവരെ ഗ്രേഡ് ചെയ്യുന്നതുമായിരിക്കും. എ ഗ്രേഡ് (85-100%), ബി ഗ്രേഡ് (75-84%), സി ഗ്രേഡ് (65-74%). എ ഗ്രേഡിന് 5 പോയിന്റും, ബി ഗ്രേഡിന് 3 പോയിന്റും, സി ഗ്രേഡിന് 1 പോയിന്റും വ്യക്തിഗത ഇനങ്ങളിൽ ലഭിക്കുന്നതാണ്.
9. 1, 2, 3 സ്ഥാനം ലഭിക്കുന്ന വിജയികൾക്ക് യഥാക്രമം 5, 3, 1 എന്നീ ക്രമത്തിൽ പോയിന്റ് നൽകുന്നതാണ്.
10. ഗ്രൂപ്പ് മത്സരങ്ങളിൽ പങ്കെടുക്കുന്നവരുടെ പേരും ഗ്രേഡും രജിസ്ട്രേഷൻ സമയത്ത് തന്നെ നൽകേണ്ടതാണ്.
11. 1, 2 സ്ഥാനങ്ങൾ ലഭിക്കുന്ന വിജയികൾക്ക് ട്രോഫിയും സർട്ടിഫിക്കറ്റും നൽകുന്നതായിരിക്കും. മൂന്നാംസ്ഥാനം ലഭിക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഒരിനങ്ങളിലും ട്രോഫി ലഭിക്കാത്തവർക്ക് പാർട്ടിസിപ്പേഷൻ ട്രോഫി നൽകുന്നതാണ്.
12. മത്സരങ്ങളിലെ ക്രമം, വേദി മത്സരസമയം എന്നിവയിൽ യഥാസമയം മാറ്റം വരുത്തുന്നതിനുള്ള അധികാരം യുവജനോത്സവ കമ്മറ്റിക്കായിരിക്കും.
13. മത്സരദിവസം തന്നെ, ലഭ്യമാകുന്ന മുറയ്ക്ക് വിജയികളുടെ പേര് വിവരം അറിയിച്ചുകൊണ്ടിരിക്കുന്നതാണ്. ജഡ്ജിമാർ ഇൻഷ്യൽ ചെയ്ത മാർക്ക് വിവരം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതാണ്.
14. മത്സര വിധിനിർണ്ണയത്തിൽ ജഡ്ജിമാരുടെ തീരുമാനം അന്തിമമായിരിക്കും. ആക്ഷേപങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ യുവജനോത്സവ കമ്മറ്റിയെ, മത്സരം നടന്ന് 24 മണിക്കൂറിനുള്ളിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.
15. മത്സരാർത്ഥികൾ തങ്ങളുടെ ചെസ്സ് നമ്പർ 8.30 മുതൽ കമ്മ്യൂണിറ്റി സെന്ററിലെ യൂത്ത് ഫെസ്റ്റിവൽ ഹെൽപ്പ് ഡസ്ക്കിൽ നിന്നും കളക്ട് ചെയ്യേണ്ടതാണ്. Tentative Time Shedule രജിസ്ട്രേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് കെ.സി.എസ്. നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.
16. ഫാൻസി ഡ്രസ്സ് മത്സരത്തിൽ പശ്ചാത്തല ശബ്ദം അനുവദനീയമല്ല. മത്സരാർത്ഥികൾക്ക് കഥാപാത്രത്തിന് അനുയോജ്യമായ സംഭാഷണം സ്റ്റേജിൽ വരുത്താവുന്നതാണ്.
17. രജിസ്ട്രേഷൻ ഫോറം ലഭിക്കുന്ന മുറയ്ക്ക് ഇ-മെയിൽ അക്നോളജ്മെന്റ് അയയ്ക്കുന്നതാണ്. പോസ്റ്റിൽ രജിസ്ട്രേഷൻ ഫോം അയയ്ക്കുന്നവർ അത് ലഭിച്ചു എന്ന് ഇ-മെയിലിലൂടെ ഉറപ്പുവരുത്തേണ്ടതാണ്.

നമ്മുടെ എല്ലാ വീടുകളിലും തപാൽമുഖേന എത്തുന്ന ക്നാനാ യ മുഖപത്രമായ കെ.സി.എസ്. ന്യൂസ് ലെറ്ററിൽ പ്രസിദ്ധീകരിക്കുന്നതിനായി വിവാഹവാർഷികം, ജന്മദിനാ ശംസകൾ, ഉപകാര സ്മരണകൾ, പാവനസ്മരണകൾ, നിങ്ങളുടെ ബിസിനസ്സ് സംരംഭങ്ങൾ തുടങ്ങിയ പരസ്യങ്ങൾ ക്ഷണിച്ചുകൊള്ളുന്നു. അതുപോലെ തന്നെ അഡ്രസ്സ് ചെയ്ഞ്ച് വന്നിട്ടുള്ളവർ തങ്ങളുടെ പുതിയ അഡ്രസ്സ് കെ.സി.എസ്. എക്സിക്യൂട്ടീവിന്റെ പക്കലോ ന്യൂസ് എഡിറ്ററിന്റെ പക്കലോ നൽകണമെന്ന് താല്പര്യപ്പെടുന്നു.

കമ്മ്യൂണിറ്റി സെന്റർ വാടകയ്ക്ക് കൊടുക്കുന്നു

കമ്മ്യൂണിറ്റി സെന്റർ റെന്റ് ചെയ്യാൻ ആഗ്രഹിക്കുന്നവർ ജോ. സെക്രട്ടറി ബാബു തൈപ്പറമ്പിലിനെ 630 935 2644 എന്ന നമ്പരിൽ വിളിക്കേണ്ടതാണ്.





Publish your advertisement here to support us & Energize your business





KCS

KNANAYA CATHOLIC SOCIETY OF CHICAGO
5110 N. Elston Ave., Chicago, IL 60630